**Syro-Malabar Eparchy of St Thomas the Apostle, Melbourne**
6 Greenock Court, Greenvale,
Victoria 3059, Australia
Phone: +61 (03) 8313 3678
bishop.melbourne@syromalabar.org.au
www.syromalabar.org.au

Prot.No.MPL: 60/20/48

# സർക്കുലർ

പ്രിയ ബഹുമാന അച്ചന്മാരേ, സഹോദരീ സഹോദരന്മാരേ, കുഞ്ഞുമക്കളെ,

ഓസ്ട്രേലിയായുടെ സ്വർഗീയമദ്ധ്യസ്ഥയായ ക്രിസ്ത്യാനികളുടെ സഹായമായ പരിശുദ്ധ അമ്മയുടെ തിരുന്നാൾ ദിനമായ മെയ് 24ന് (ഞായർ), ഓസ്ട്രേലിയായിലെ മുഴുവൻ കത്തോലിക്കാവിശ്വാസികളോടുമൊപ്പം ഈ രാജ്യത്തെയും നമ്മുടെ രൂപതയെയും, നമ്മുടെ രൂപതയുടെ സ്വർഗീയമദ്ധ്യസ്ഥകൂടിയായ, ദൈവമാതാവായ പരിശുദ്ധ അമ്മയുടെ വിമലഹൃദയത്തിന് നാം സമർപ്പിക്കുകയാണ്.

1844–ലാണ് ക്രിസ്ത്യാനികളുടെ സഹായമായ പരിശുദ്ധ മറിയത്തെ ഓസ്ട്രേലിയ രാജ്യത്തിന്റെ സ്വർഗീയമദ്ധ്യസ്ഥയായി പ്രഖ്യാപിച്ചത്. കൊറോണ മഹാമാരിയുടെ അപകട സാഹചര്യത്തിൽ കഴിഞ്ഞ മാർച്ച് 11 ന് ഫ്രാൻസീസ് മാർപ്പാപ്പ ഇറ്റലിയെയും ലോകം മുഴുവനെയും മാതാവിന് പ്രതിഷ്ഠിച്ചിരുന്നു.

വലിയ വിപത്തിന്റെ ഈ സാഹചര്യത്തിൽ, ജനനേതാക്കളെയും ആരോഗ്യമേഖലയിലും പൊതുമേഖലകളിലും സേവനം ചെയ്യുന്ന എല്ലാവരെയും നന്ദിയോടെ ഓർക്കാം. രോഗബാധയിൽപ്പെട്ട് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടവരെ പ്രാർത്ഥനാപൂർവ്വം അനുസ്മരിക്കാം. രോഗികളെയും ആശങ്കയിൽ ഒറ്റപ്പെട്ട് കഴിയുന്നവരെയും, തൊഴിൽനഷ്ടപ്പെട്ടവരെയും, സാമ്പത്തികക്ലേശം അനുഭവിക്കുന്നവരെയും, അവരുടെ കുടുംബങ്ങളെയും പരിശുദ്ധ അമ്മയുടെ കരങ്ങളിൽ സമർപ്പിക്കാം.

അടച്ചിട്ടിരിക്കുന്ന പള്ളികൾ ആത്മീയ ശുശ്രൂഷകൾക്കായി പൂർണ്ണമായി സംലഭ്യമാകുന്ന സാഹചര്യം എത്രയും വേഗം സംജാതമാകാൻ പ്രാർത്ഥിക്കാം. യഥാർത്ഥമായ കൗദാശിക, ആത്മീയ ജീവിതത്തിനുള്ള നമ്മുടെ വിശപ്പും ദാഹവും ശമിപ്പിക്കാൻ നമ്മുടെ പള്ളിയിൽ സമൂഹമായി ഒരുമിച്ച് കൂടാൻ അനുകൂലസാഹചര്യങ്ങൾക്കായി പരിശുദ്ധ അമ്മയോട് നമുക്ക് മുട്ടിപ്പായി അപേക്ഷിക്കാം.

മെയ് 24 ന് വിശുദ്ധ കുർബാന അർപ്പിച്ചശേഷം രൂപതാകേന്ദ്രത്തിൽ നിന്ന് തയ്യാറാക്കി തരുന്ന ശുശ്രൂഷാക്രമത്തിനനുസരിച്ച് പ്രതിഷ്ഠാകർമ്മം സാധിക്കുന്ന അത്ര ആഘോഷപൂർവ്വം നടത്താൻ എല്ലാവരെയും ആഹ്വാനം ചെയ്യുന്നു.

അന്നേദിവസം രൂപതാകാര്യാലയത്തിൽ കാലത്ത് 10 മണിക്കും വൈകീട്ട് 5 മണിക്കും നടക്കുന്ന ഓൺലൈൻ കുർബാനക്കുശേഷം രൂപതാദ്ധ്യക്ഷൻ നമ്മുടെ ഇടവകകളെയും രൂപതയെയും ഓസ്ട്രേലിയ രാജ്യത്തെയും പരിശുദ്ധ അമ്മക്കു പ്രതിഷ്ഠിക്കും. അതിൽ പങ്കുചേരുവാൻ ഏവരെയും ക്ഷണിക്കുന്നു.

നമ്മുടെ ഇടവകാസമൂഹങ്ങളിൽ അന്നേദിവസം നിശ്ചയിക്കപ്പെട്ട സമയങ്ങളിൽ നടക്കുന്ന കുർബാനക്കുശേഷം വികാരിയച്ചന്റെ കാർമ്മികത്വത്തിൽ പ്രതിഷ്ഠ നടത്തേണ്ടതാണ്. അങ്ങനെ നമ്മുടെ രൂപതയിലെ ദൈവജനം മുഴുവനും പരിശുദ്ധ അമ്മയുടെ വിമലഹൃദയത്തിന് പ്രതിഷ്ഠിക്കുന്ന ദൈവാനുഗ്രഹപ്രദമായ ഈ മഹാഭാഗ്യത്തിന് നിങ്ങളോടൊപ്പം ഞാൻ നല്ലവനായ ദൈവത്തിനു നന്ദിപറയുന്നു.

ഈ പ്രതിഷ്ഠ, തക്ക ആത്മീയ ഒരുക്കത്തോടെ ആകാൻ വ്യാഴം, വെള്ളി, ശനി (മെയ് 21, 22, 23) ദിവസങ്ങളിൽ എല്ലാ ഇടവകാസമൂഹങ്ങളും പ്രാർത്ഥന, ഉപവാസ ചൈതന്യത്തോടെ ത്രിദിനപ്രാർത്ഥനാശുശ്രൂഷ നടത്താൻ ആഹ്വാനം ചെയ്യുന്നു. ത്രിദിന പ്രാർത്ഥനാശുശ്രൂഷാകർമ്മങ്ങളും രൂപതാകേന്ദ്രത്തിൽ നിന്ന് അയക്കുന്നതാണ്.

എന്ന്,

മിശിഹായിൽ നിങ്ങളുടെ സ്നേഹപിതാവ്

**+ബോസ്കോ പുത്തൂർ** **15 മെയ് 2020**

NB: ഈ സർക്കുലർ മെയ് 17–ാം തിയതി ഞായറാഴ്ച എല്ലാ ഇടവകജനങ്ങളെയും അറിയിക്കേണ്ടതാണ്.